*Issued on 24-6-1975*

# PROCEEDINGS
# OF THE
# KERALA LEGISLATIVE ASSEMBLY

**Twelfth Session—1975**

Monday, February 24, 1975

**OFFICIAL REPORT**

Vol. XXXVIII—No. 2

CONTENTS—(*See over*)

©
Government of Kerala
1975

**Price: 50 P.**

PRINTED BY THE S. G. P. AT THE GOVERNMENT PRESS,
TRIVANDRUM, 1975.

LIBRARY ARCHIVES Kerala Legislative Assembly

## CONTENTS


| | PAGE NOS. |
|---|---|
| Obituary Reference | 11—22 |


LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

# PROCEEDINGS OF THE FOURTH KERALA LEGISLATIVE ASSEMBLY

## Twelfth Session—1975

*Monday, February 24, 1975*

VOL. XXXVIII] OFFICIAL REPORT [No. 2

The Assembly met in the Assembly Chamber, Trivandrum, at Nine of the Clock on Monday, February 24, 1975, with Mr. Speaker in the Chair.

## OBITUARY REFERENCE

<u>മി. സ്പീക്കർ:</u> ഓർഡർ, ഓർഡർ.

കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ നമ്മോടൊത്ത് സമാനപടികളിൽ പങ്കെടുത്തിരുന്ന നമ്മുടെ പ്രിയ സുഹൃത്ത് ശ്രീ. കെ. ഐ. രാജൻ 1974 നവംബർ 6-ാം തീയതി കണ്ണൂരിൽ വച്ച് നിര്യാതനായ വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

ശ്രീ. രാജൻ കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയുടെ സമുന്നത നേതാക്കളിൽ ഒരാളായിരുന്നു. അനേകം തൊഴിലാളി സംഘടനകളുടെ ഔദ്യോഗിക ഭാരവാഹിയായി സേവനം അനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം ഒരു തൊഴിലാളി നേതാവെന്ന നിലയിലാണ് കേരളത്തിലെ പൊതുജീവിതത്തിൽ പരക്കെ അറിയപ്പെടുന്നത്. പീരുമേട് തോട്ടംതൊഴിലാളി യൂണിയന്റെ സ്ഥാപക നേതാവായിരുന്നു അദ്ദേഹം. സി. ഐ. ടി. യു. കേരള സംസ്ഥാനകമ്മിറ്റിയുടെ ജോയിന്റ് സെക്രട്ടറിസ്ഥാനവും, കേരള പ്ലാന്റേഷൻ ലേബർ ഫെഡറേഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വർക്കേഴ്സ് അസോസിയേഷൻ എന്നിവയുടെ ജനറൽ സെക്രട്ടറി സ്ഥാനവും അദ്ദേഹം വഹിച്ചിട്ടുണ്ട്.

നിയമസഭയിലേയ്ക്ക് ഒന്നിൽ കൂടുതൽ തവണ അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. നിയമസഭാസാമാജികൻ എന്ന നിലയിൽ സ്തുത്യർഹമായ സേവനമാണ് അദ്ദേഹം അനുഷ്ഠിച്ചിട്ടുള്ളത്. നിയമസഭയിൽ ചർച്ചക്ക് വരുന്ന വിഷയങ്ങളെ അദ്ദേഹം അവഗാഢം പഠിക്കുകയും ചർച്ചകളിൽ സജീവമായി പങ്കെടുക്കുകയും ചെയ്തിരുന്നു. പ്രത്യേകിച്ച്, തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ ശ്രീ. രാജൻ സവിശേഷമായ ശ്രദ്ധ ചെലുത്തിയിരുന്നു.

കക്ഷിബന്ധങ്ങൾക്കതീതമായി വിപുലമായ ഒരു സുഹൃത്‌വലയം സ്നേഹധനനായ ശ്രീ. രാജനുണ്ടായിരുന്നു. നല്ല ഒരു വാഗ്മിയായും പാർലമെന്റേറിയനായും അദ്ദേഹം പരക്കെ അറിയപ്പെട്ടിരുന്നു. എന്നാൽ, ശ്രീ. രാജൻ ഒന്നാംതരം ഒരു എഴുത്തുകാരൻ കൂടിയായിരുന്നു എന്ന വസ്തുത

ഒരു പക്ഷേ പലർക്കും അറിവുണ്ടായിരിക്കുകയില്ല. ശ്രീ. രാജന്റെ അകാലവും ആകസ്മികവുമായ നിര്യാണംമൂലം ഈ രാജ്യത്തെ തൊഴിലാളി പ്രസ്ഥാനത്തിന് ധീരനായ ഒരു സേനാനിയും, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഉന്നതനായ ഒരു നേതാവും, ഈ നിയമസഭയ്ക്ക് ബഹുമാന്യനായ ഒരംഗവുമാണ് നഷ്ടപ്പെട്ടിരിക്കുന്നത്.

ശ്രീ. രാജന്റെ വേർപാടിൽ എനിക്കും ഈ സഭയ്ക്കും ഉള്ള അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നതോടൊപ്പം അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്തുകൊള്ളുന്നു.

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): സർ, ശ്രീ. കെ. എ. രാജന്റെ അകാലികമായ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് അങ്ങ് ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായും ഞാൻ യോജിക്കുകയാണ്. ശ്രീ. രാജൻ തൊഴിലാളി വർഗ്ഗത്തിൽ നിന്ന് ഉയർന്നുവന്ന ഒരു പ്രവർത്തകനാണ്. തൊഴിലാളികളുടെ ഇടയിൽ പ്രവർത്തിച്ച് അനേകം യൂണിയനുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവന്ന അദ്ദേഹത്തിന് പ്രത്യേകിച്ചും തോട്ടംതൊഴിലാളി യൂണിയനുകളുടെ ഇടയിൽ വളരെയധികം സ്വാധീനം ഉണ്ടായിരുന്നു. അവ കെട്ടിപ്പടുക്കുന്നതിൽ വളരെയധികം പങ്ക് അദ്ദേഹം വഹിച്ചിട്ടുണ്ട്. കമ്മ്യൂണിസ്റ്റുപാർട്ടി ഒന്നിച്ചുനിന്ന കാലത്തും ഞങ്ങൾ തമ്മിൽ പരിചയം ഉണ്ടായിട്ടുണ്ട്. അതിനുശേഷവും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ശ്രീ. രാജന്റെ പ്രവർത്തനങ്ങളിൽ അദ്ദേഹം കാണിച്ച ഉൽസാഹവും സ്ഥിരപ്രയത്നവും ധീരതയുമെല്ലാംതന്നെ ഏററവുമധികം അഭിനന്ദനാർഹമായി എനിക്കു തോന്നിയിട്ടുണ്ട്. ശ്രീ. രാജന്റെ നിര്യാണംമൂലം തീർച്ചയായും തൊഴിലാളിപ്രസ്ഥാനത്തിനും അതുപോലെതന്നെ നാട്ടിന്റെ പൊതുജീവിതത്തിലും ഒരു വലിയ നഷ്ടമാണ് സംഭവിച്ചതെന്നുള്ളതിൽ തർക്കമില്ല. ഒരു തൊഴിലാളിയായി ജനിച്ച് തൊഴിലാളി പ്രവർത്തകനായി വളർന്നുവന്ന ശ്രീ. രാജൻ വളരെ പ്രഗൽഭനായ ഒരു പാർലമെന്ററി പ്രവർത്തകനായിക്കൂടി ശോഭിക്കുകയുണ്ടായി. നമുക്കെല്ലാവർക്കും അറിയാവുന്ന സംഗതിയാണ് അദ്ദേഹം ഇവിടെ നിയമസഭയ്ക്കകത്ത് നടന്നിട്ടുള്ള ചർച്ചകളിൽ വളരെ സുപ്രധാനമായ പങ്ക്, വളരെയധികം സംഭാവന ചെയ്യാൻ സാധിക്കുന്നതരത്തിൽ അദ്ദേഹത്തിന് കഴിഞ്ഞു എന്നുള്ളതും ഒരു നിർവ്വിവാദമായ കാര്യമാണ്. ഇങ്ങനെ എല്ലാ നിലകളിലും ശോഭിച്ചുകൊണ്ട് ഇനിയും വളരെയധികം നാം തൊഴിലാളികൾക്കും ഈ നാട്ടിനും വേണ്ടി പ്രവർത്തിക്കാൻ പ്രാപ്തിയുണ്ടായിരുന്ന അദ്ദേഹത്തിന്റെ അകാലികമായ നിര്യാണത്തിൽ എനിക്കുള്ള ദുഃഖം രേഖപ്പെടുത്തിക്കൊണ്ട് നിങ്ങൾ എല്ലാവരുടേയും ഒപ്പം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും അദ്ദേഹത്തിന്റെ ബന്ധുമിത്രാദികളോടും ഞാൻ എന്റെ അനുശോചനം അറിയിച്ചുകൊള്ളുന്നു.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സർ, അങ്ങും ബഹുമാനപ്പെട്ട സഭാനേതാവും ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും പങ്കുകൊള്ളുക മാത്രമല്ല അതിൽ അങ്ങയോടും ബഹുമാനപ്പെട്ട സഭാനേതാവിനോടും എന്റെ പാർട്ടിക്കുള്ള കൃതജ്ഞത പ്രകടിപ്പിക്കുകയും കൂടി ചെയ്യാൻ ഞാനാഗ്രഹിക്കുകയാണ്. എന്തുകൊണ്ടെന്നാൽ സഖാവ് രാജന്റെ നിര്യാണംമൂലം ഉണ്ടായിട്ടുള്ള നഷ്ടം മററാരെക്കാളും കൂടുതൽ എന്റെ പാർട്ടിക്കാണ്. ഇതു പറയുന്ന അവസരത്തിൽ മറെറാരു വസ്തുതകൂടി ഇവിടെ എടുത്തുകാണിക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ സഭ രൂപംകൊണ്ടതിൽ പിന്നീട് എന്റെ പാർട്ടിയിൽപെട്ട മൂന്നാമത്തെ മെമ്പറാണ് ഇപ്പോൾ നമ്മെ വിട്ടുപോകുന്നത്. മൂന്നാമത്തെ എന്റെ പാർട്ടിയിലെ മെമ്പറുടെ നിര്യാണത്തിൽ അനുശോചിക്കാനാണ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നാം ഇന്നിവിടെ കൂടിയിട്ടുള്ളത്. അതിനുമുമ്പ് ബഹുമാനപ്പെട്ട വി. വി. കുഞ്ഞാമ്പു, ബഹുമാനപ്പെട്ട കുഞ്ഞിക്കണ്ണൻ ഈ രണ്ടു ബഹുമാനപ്പെട്ട മെമ്പറന്മാരുടെ നിര്യാണത്തിലുള്ള ദുഃഖം നാം രേഖപ്പെടുത്തുകയുണ്ടായി. ഈ മൂന്നു നേതാക്കന്മാരുടേയും പൊതുവിലുള്ള ഒരു വിശേഷം അതോടൊപ്പം തന്നെ സഖാവ് രാജനെ, സഖാവ് കുഞ്ഞാമ്പുവിൽനിന്നും സഖാവ് കുഞ്ഞിക്കണ്ണനിൽനിന്നും വേർതിരിച്ചു നിറുത്തുന്ന വസ്തുത, ആ കാര്യംകൂടി ഊന്നിപ്പറയാൻ ഞാനാഗ്രഹിക്കുകയാണ്. കേരളത്തിലെ സംഘടിത കർഷകപ്രസ്ഥാനത്തിന് ജന്മം നൽകി വളർത്തിക്കൊണ്ടുവന്ന രണ്ട് ഊർജ്ജസ്വലരായ സംഘാടകരായിരുന്നു സഖാവ് കുഞ്ഞാമ്പുവും സഖാവ് കുഞ്ഞിക്കണ്ണനും. നേരെമറിച്ച് സഖാവ് രാജൻ സംഘടിത തൊഴിലാളി പ്രസ്ഥാനം വളർത്തിയെടുക്കുന്നതിനുവേണ്ടി അവസാന നിമിഷം വരെ പ്രവർത്തിച്ചുപോന്നിട്ടുള്ള ഒരു സഖാവാണ്. അങ്ങയുടെ അനുസ്മരണത്തിൽ സഖാവ് രാജനുള്ള ഒരു സ്വഭാവഗുണം സംബന്ധിച്ച് ഒരു ചെറിയ സൂചന നൽകുകയുണ്ടായി; അദ്ദേഹം ഒരു എഴുത്തുകാരൻകൂടിയായിരുന്നുവെന്ന്. വളരെയേറെയൊന്നും അദ്ദേഹം എഴുതിയിട്ടില്ലെങ്കിലും ഏതാനും ചിത്രീകരണങ്ങൾ അല്ലെങ്കിൽ 'നഖലേഖനങ്ങൾ' അദ്ദേഹം എഴുതി ഒരു ലഘു ഗ്രന്ഥമായി പുറത്തുവന്നിട്ടുണ്ട്. അത് ഓരോന്നും തോട്ടംവ്യവസായത്തിലുള്ള തൊഴിലാളികളുടെ സമരം, ആ സമരങ്ങളിൽ തൊഴിലാളി സ്ത്രീകളും തൊഴിലാളി പുരുഷന്മാരും വഹിച്ചിട്ടുള്ള ധീരോദാത്തമായ പങ്ക് അതെല്ലാം വളരെ വായനക്കാരന്റെ ഉള്ളിൽ തട്ടുന്ന രീതിയിൽ ചിത്രീകരിച്ചിട്ടുള്ള ഏതാനും ചില ലേഖനങ്ങളുടെ ഒരു ചെറിയ സമാഹാരമാണ്. വാസ്തവംപറയുകയാണെങ്കിൽ ആ ചെറു പുസ്തകം സഖാവ് രാജന്റെ ജീവൻ, അദ്ദേഹത്തിന്റെ ജീവിതം, അദ്ദേഹത്തിന്റെ ആദർശം അതിന്റെയെല്ലാം കഴിഞ്ഞകാല ചിത്രമാണ്. തൊഴിലാളി പ്രസ്ഥാനവുമായി ഇത്രയും ഇഴുകിച്ചേർന്ന് തൊഴിലാളി ജീവിതത്തിന്റെ അടിയിലേക്ക് ആണ്ടുപോയി അതിൽപ്പെട്ട ഓരോ പുരുഷനും, സ്ത്രീയും, വൃദ്ധനും, വൃദ്ധയും കുട്ടിയും എല്ലാമായി ഇടപഴകി അവരുടെ ജീവിതവുമായി ഒത്തിണങ്ങിപ്പോന്നിട്ടുള്ള ഊർജ്ജസ്വലനായ ഒരു തൊഴിലാളി പ്രവർത്തകനായിരുന്നു അദ്ദേഹം. അതുപോലെ തന്നെ കുഞ്ഞമ്പുവും കുഞ്ഞിക്കണ്ണനുമാണെങ്കിൽ സ്വന്തം ജീവിതമാകെ കർഷകപ്രസ്ഥാനത്തിനുവേണ്ടി ഉഴിഞ്ഞുവച്ച് അങ്ങേയററത്തെ ത്യാഗം സഹിച്ചിട്ടുള്ളവരാണ്. ഈ മൂന്നുപേരുടേയും നഷ്ടം വിശേഷിച്ചും രാജ്യമാകെ പ്രക്ഷുബ്ധമായി തൊഴിലാളിപ്രസ്ഥാനവും കർഷകപ്രസ്ഥാനവും ചരിത്രപ്രധാനമായ കടമകൾ നിർവ്വഹിക്കുന്നതായ ഈ സന്ദർഭത്തിൽ ഇവരുടെ നഷ്ടം തീർച്ചയായും നികത്താനാകാത്ത നഷ്ടമാണ്. പക്ഷേ ചരിത്രത്തിൽ നികത്താനാകാത്ത നഷ്ടമൊന്നുമില്ല. നികത്താനാകാത്ത നഷ്ടംതന്നെ നികത്താൻ കഴിവുള്ള ഒരു പ്രസ്ഥാനം ഉയർത്തിക്കൊണ്ടുവന്നു എന്നുള്ളതാണ് ഊർജ്ജസ്വലരായിട്ടുള്ള നേതാക്കന്മാരുടെ പ്രത്യേകത. ആ നിലയിൽ സഖാവ് രാജൻ നമ്മെ വിട്ടുപോയിട്ടുള്ളത് വളരെ ശക്തിയേറിയ, ഊർജ്ജസ്വലമായ ഒരു തൊഴിലാളിപ്രസ്ഥാനം വളർത്തിയെടുത്തതിനുശേഷമാണ്. ആ പ്രസ്ഥാനം വളർത്തിയെടുക്കുന്നതിന് അദ്ദേഹത്തിന്റെ പാർട്ടിയും അദ്ദേഹത്തിന്റെ ജീവിതമാകെ ഉഴിഞ്ഞുവച്ചിട്ടുള്ള പ്രസ്ഥാനവും ഇനിയും കൂടുതൽ ജാഗ്രതയായി പ്രവർത്തിക്കുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഈ വാക്കുകളോടുകൂടി ഈ അനുശോചനത്തിൽ ഞാൻ എന്റെ പാർട്ടിക്കുവേണ്ടിയും എന്റെ സ്വന്തം പേരിലും പങ്കുകൊണ്ടുകൊണ്ട് അവസാനിപ്പിക്കുന്നു.

ആഭ്യന്തരമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, നമ്മുടെ സുഹൃത്തായിരുന്ന ശ്രീ. രാജന്റെ ദേഹവിയോഗത്തിൽ അങ്ങും മററു ബഹുമാനപ്പെട്ട

മെമ്പർമാരും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും പൂർണ്ണമായി യോജിക്കുകയാണ്. ശ്രീ. രാജൻ പ്രവർത്തിച്ച മേഖല എത്ര വിഷമമേറിയതാണെന്ന കാര്യം അനുഭവിച്ചറിഞ്ഞ ആളുകൾക്കുമാത്രമേ മനസ്സിലാക്കുവാൻ കഴിയൂ. സാധാരണ തൊഴിലാളി രംഗത്തു പ്രവർത്തിക്കുന്നതിനേക്കാളും വിഷമമേറിയതും, ജീവിതംതന്നെ നഷ്ടപ്പെട്ടേയ്ക്കുമെന്നു ഭയപ്പെട്ടു പ്രവർത്തിക്കേണ്ട ഒരു സാഹചര്യത്തിലാണ് പ്ലാന്റേഷൻ തൊഴിലാളികളുടെ ഇടയിൽ പ്രവർത്തിക്കുവാൻ അദ്ദേഹം മുന്നോട്ടു വന്നിട്ടുള്ളത്. അടുത്ത കാലം വരെയും ആ മേഖല വളരെയധികം അപകടസൂചകമായിരുന്നു. ഇപ്പോഴും പൂർണ്ണമായും സ്വതന്ത്രമാണെന്നു പറയാറായിട്ടില്ല. അങ്ങനെയുള്ള ഒരു മേഖലയിൽ, കേവലം അവഗണിക്കപ്പെട്ടിരുന്ന ഒരു വിഭാഗത്തെ, അങ്ങേയററം മർദ്ദനം അനുഭവിക്കുന്ന ഒരു വിഭാഗത്തെ സംഘടിപ്പിക്കുന്ന കാര്യത്തിൽ അദ്ദേഹം ചെയ്തിട്ടുള്ള സേവനമാണ് അദ്ദേഹത്തിന്റെ പ്രവർത്തനമേഖലയിലെ പ്രധാനമായ പങ്കായി മാറിയത്. അദ്ദേഹം പ്രതിപക്ഷത്തെ ഒരംഗമായിരുന്നെങ്കിലും എപ്പോഴും ആത്മസുഹൃത്ത് എന്ന നിലയിലാണ് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും പെരുമാററവും എനിക്ക് അനുഭവപ്പെട്ടിട്ടുള്ളത്. കർമ്മധീരനായ ശ്രീ. രാജൻ പ്രവർത്തനരംഗത്ത് പൊരുതിക്കൊണ്ട് വീരമൃത്യു വരിക്കുകയാണു ചെയ്തത്. പൊതുജീവിതത്തിൽ വിശ്രമമില്ലാതെ പ്രവർത്തിച്ച്, അദ്ധ്വാനിക്കുന്ന തൊഴിലാളികൾക്കുവേണ്ടി സേവനം അനുഷ്ഠിച്ച അദ്ദേഹത്തിന്റെ നഷ്ടം ഒരു തീരാനഷ്ടമാണ്. ഈ സഭയിൽ പലപ്പോഴും ഫലിതത്തോടുകൂടി ഗൗരവാവഹമായ സംഭാവനകൾ ചെയ്തിട്ടുള്ള ശ്രീ. രാജന്റെ ദേഹവിയോഗം വലിയൊരു നഷ്ടമാണ്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ അദ്ദേഹത്തിന്റെ പാർട്ടിക്കുള്ള നഷ്ടത്തിൽ, ഈ നിയമസഭയ്ക്കും തൊഴിലാളി വർഗ്ഗത്തിനുമുള്ള നഷ്ടത്തിൽ ഞാനും എന്റെ ഖേദം പ്രകടിപ്പിച്ചുകൊള്ളുന്നു. അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തിനേരുന്നു.

ശ്രീ കെ നാരായണക്കുറുപ്പ്: സർ, കഴിഞ്ഞ നവമ്പർ മാസം 6-ാം തീയതി വൈകിട്ട് 5 മണിക്ക് എന്റെ മടിയിൽ തലവെച്ച് അന്ത്യശ്വാസംവലിച്ച എന്റെ ആത്മസുഹൃത്തും, മാർക്സിസ്ററു പാർട്ടിയിലെ പ്രഗത്ഭനായ ഒരു പ്രവർത്തകനും സർവോപരി തൊഴിലാളികളുടെ കണ്ണിലുണ്ണിയുമായിരുന്ന സഖാവ് കെ. ഐ. രാജൻ ഇനിയും ദീർഘകാലം ഈ രാജ്യത്തുള്ള തൊഴിലാളികൾക്കു വേണ്ടി പ്രവർത്തിക്കുമെന്നു നാം ആഗ്രഹിച്ചിരുന്നുവെങ്കിലും നമ്മുടെ എല്ലാവിധ ആഗ്രഹങ്ങൾക്കും വിപരീതമായി വളരെ പെട്ടെന്ന് നമ്മിൽനിന്നും വേർപെടുകയാണുണ്ടായത്. ഒരു സുഹൃത്തിന്റെ ദേഹവിയോഗം കണ്ടുകൊണ്ടിരിക്കുക എന്നുള്ളത് വളരെ പ്രയാസമാണ്. സർ, ആത്മീയസ്നേഹത്തിന്റെ സമ്പൂർണ്ണമായ ജീവിതംകൊണ്ട് ഒരിക്കലും വേർപെടാൻ കഴിയാത്ത രാജനും അദ്ദേഹത്തിന്റെ സുഹൃത്തുക്കളായ ഞങ്ങളും കഴിഞ്ഞ കുറെ വർഷങ്ങളായി ജീവിച്ച സാഹചര്യത്തിൽ ശ്രീ. രാജൻ അദ്ദേഹത്തിന്റെ സുഹൃത്തുക്കളിലൊരാളായ എന്റെ കയ്യിൽകിടന്നു അന്ത്യശ്വാസംവലിച്ചു എന്നു പറയേണ്ടി വന്നതിൽ എനിക്കു സങ്കടമുണ്ടു സർ. നവമ്പർ 6-ാം തീയതി രാവിലെ കണ്ണൂരിൽ വന്നെത്തിയ ശ്രീ. രാജൻ, അദ്ദേഹത്തിന് അസ്വസ്ഥത ഉണ്ടായിരുന്നെങ്കിലും തലേദിവസം തിരുവനന്തപുരത്തുനിന്നും കണ്ണൂരിൽ വന്നതെന്തിനാണെന്നു ചോദിച്ചു പരിഭവിച്ച ഞങ്ങളോടു കമ്മിററിയിൽ ഹാജരാകേണ്ട അത്യാവശ്യമുണ്ടെന്ന് ആത്മാർത്ഥമായി ഞങ്ങളോടു ഉറച്ചുപറയുകയും അന്നു നടന്ന കമ്മിററിയിൽ സജീവമായി പങ്കെടുക്കുകയും പങ്കെടുത്തശേഷം ശ്രീ. ചാത്തൻ മാസ്ററർ ഉൾപ്പെടെയുള്ള ഞങ്ങൾ താമസിച്ച മുറിയിൽ വന്നു ഞങ്ങളുമൊന്നിച്ച് ആഹാരം കഴിക്കുകയും നാലര മണിക്ക് ചാത്തൻമാസ്ററും മററും തൃശ്ശൂർ പോകാൻ വണ്ടി ബുക്കു ചെയ്തപ്പോൾ രാജൻ ആറര മണിക്കു കോട്ടയത്തേയ്ക്കു പോകുന്നു എന്നു പറയുകയും ചെയ്തു. അദ്ദേഹത്തിന്റെ കൂട്ടുകാരായ

ഞങ്ങളോട് നിങ്ങളെല്ലാം എന്നെ വിട്ടിട്ടു പോവുകയാണോ എന്ന് അവസാനമായി ചോദിച്ച ചോദ്യം ഇങ്ങനെ പരിണമിക്കുമെന്നു ഞങ്ങൾ വിശ്വസിച്ചിരുന്നില്ല. ശ്രീ. രാജന്റെ പരിഭവം കാണാൻ കഴിവില്ലാത്ത ഞങ്ങൾ നാലരയ്ക്കു പോകാനുള്ള ബസ് ടിക്കററ് ക്യാൻസൽ ചെയ്ത് ആറരമണിക്ക് അദ്ദേഹവുമായി യാത്ര ചെയ്യാൻ തീരുമാനിച്ചു. നാലരമണിക്ക് ശ്രീ. ചാത്തൻമാസ്ററും ശ്രീ. എം. വി. രാജനും ഞങ്ങളോടു യാത്ര പറഞ്ഞ് തൃശ്ശൂരിലേക്കു തിരിച്ചു. അര മണിക്കൂർ കഴിഞ്ഞപ്പോൾ വളരെ പെട്ടെന്ന് അസ്വാസ്ഥ്യം കൊണ്ട് രാജൻ എന്റെ മടിയിൽ കിടന്നു. രണ്ടു മൂന്നു നിമിഷങ്ങൾക്കുള്ളിൽ സംസാരിക്കുവാൻ പാടില്ലാതായ രാജനെ ഡോക്ടറെ കാണിക്കുവാനുള്ള പരിശ്രമത്തിൽ വളരെ വേഗം ഒരു ഡോക്ടറെ കണ്ടുപിടിക്കുവാൻ കഴിഞ്ഞുവെങ്കിലും ആറേഴു നിമിഷങ്ങൾക്കുള്ളിൽ ജീവൻ ആ ശരീരത്തിൽ നിന്നും പിരിഞ്ഞുപോയി. വളരെ പെട്ടെന്നുതന്നെ ആശുപത്രിയിൽ ചെന്നെങ്കിലും യാതൊന്നും ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ പിന്നീട് അദ്ദേഹത്തെ സ്വന്തം നാട്ടിലേയ്ക്കു കൊണ്ടുപോകാൻ മാത്രമേ കഴിഞ്ഞുള്ളൂ എന്നു മാത്രമേ ഈ സന്ദർഭത്തിൽ പറയാൻ എനിക്കു കഴിയുന്നുള്ളൂ. സർ, രാജൻ ഒരു നിയമസഭാ മെമ്പർ എന്ന നിലയിൽ കവിഞ്ഞ്, ഈ സഭയിലെ മററാരെക്കാളും കൂടുതലായി എല്ലാപേരുമായി സ്നേഹിക്കാൻ കഴിവുള്ള ഹൃദയമുള്ള ഒരു ചെറുപ്പക്കാരനായിരുന്നു എന്ന് ഹൃദയവേദനയോടുകൂടി ഞാൻ ഇപ്പോൾ ഓർക്കുകയാണ്. രാഷ്ട്രീയാഭിപ്രായങ്ങൾ എന്തായിരുന്നാലും അതിനപ്പുറത്ത് മനുഷ്യർ തമ്മിൽ സ്നേഹിക്കുവാൻകഴിയുമെന്നു പരസ്യമായി പ്രവർത്തിച്ചു കാണിച്ച ശ്രീ. രാജൻ അദ്ദേഹം പ്രവർത്തിച്ച എല്ലാ മണ്ഡലങ്ങളിലും മറക്കാൻ കഴിയാത്ത വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ശ്രീ. രാജൻ ഒരു സാധാരണ തൊഴിലാളി പ്രവർത്തകനെന്ന നിലയിലായിരുന്നു പലയാളുകളും വിചാരിച്ചിരുന്നതെങ്കിലും അദ്ദേഹത്തിന്റെ സ്വന്തം നാടായ ഇടുക്കിയിലേയ്ക്ക് മൃതദേഹവുമായി ശ്രീ. പി. ബി. ആർ. പിള്ള, സത്യപാലൻ മുതലായ ആളുകളുമായി പ്രവേശിച്ചപ്പോൾ മാത്രമാണ് ശ്രീ. രാജൻ മഹാനായ ഒരു നേതാവാണെന്നു ഞങ്ങൾക്ക് ബോധ്യമായത്. ലക്ഷക്കണക്കിനാളുകൾ അവരുടെ കണ്ണിലുണ്ണിയായ നേതാവിനെ ഒരു നോക്കു കാണുവാനായി വളരെ തിടുക്കത്തിൽ കാടും മേടും കടന്നു തിങ്ങിക്കൂടിയതു കണ്ടപ്പോൾ ഇത്ര ചെറുപ്പത്തിൽ ആളുകളെ വശീകരിക്കുവാനും താണ നിലയിലുള്ള ആളുകൾക്കുവേണ്ടി ഇത്രയധികം പ്രവർത്തിക്കുവാനും കഴിഞ്ഞ ശ്രീ. രാജന് അദ്ദേഹം ആഗ്രഹിച്ച തൊഴിലാളി വർഗ്ഗത്തിനു വേണ്ടി കൂടുതലായി പ്രവർത്തിക്കുവാൻ കഴിയാതെ പോയല്ലോ എന്നു ഞങ്ങൾ ഓർത്തുപോയി. നാം ആഗ്രഹിക്കുന്നത് ഒന്നും സംഭവിക്കുന്നത് മറെറാന്നും എന്ന നിലയിൽ രാജനെപ്പോലെയുള്ള നല്ലയാളുകളെ, തൊഴിലാളികൾക്കു വേണ്ടി എല്ലാമെല്ലാം ഉപേക്ഷിക്കുന്ന ഇത്രയധികം സന്മനസ്സുള്ള ഒരു ചെറുപ്പക്കാരനെ വളരെ അപൂർവമായി മാത്രമേ ഈ രാജ്യത്ത് നമുക്കു കാണാൻ കഴിയൂ. ഈ നിയമസഭയിൽ ശ്രീ. രാജന്റെ വ്യക്തിത്വം അറിയാത്തവർ ആരുമില്ല. ശ്രീ. രാജൻ ഏതു പാർട്ടിയിൽപെട്ട ആളായിരുന്നാലും ശരി സ്വന്തം പാർട്ടിയിലെ ആളെപ്പോലെ സ്വീകരിക്കുവാൻ എല്ലാപേർക്കും കഴിയുമായിരുന്നു. അത്ര മാത്രം സ്നേഹമുള്ള ഒരുഹൃദയം, ഏതു വേദനയും സഹിക്കുവാൻ കഴിവുള്ള ഒരു ഹൃദയം, ഏററവും തന്റേടത്തോടു കൂടി സംസാരിക്കുവാൻ കഴിവുള്ള ഒരു ഹൃദയം ഉള്ള ഒരു ചെറുപ്പക്കാരൻ വളരെ പെട്ടെന്നു പിരിഞ്ഞുപോയി എന്നു പറയുമ്പോൾ അദ്ദേഹത്തിന്റെ വീട്ടുകാരെക്കൂടി നാം ഈ സന്ദർഭത്തിൽ ഓർക്കണം. പാമ്പനാടു കുന്നിന്റെ മുകളിലുള്ള അരയേക്കർ മൊട്ടത്തറയിലുള്ള ഒരു ചെറിയ കൂരയിലാണ് ഈ നിയമസഭാസാമാജികൻ താമസിച്ചതെന്നുള്ള വസ്തുത നമുക്കറിയുകയില്ല. അദ്ദേഹത്തിന്റെ കൂരയിൽ തടിച്ചു കൂടിയ ലക്ഷോപലക്ഷം ആളുകൾ ആ കുടുംബം എങ്ങനെയാണ്. ഇനി കഴിയുകയെന്നു പതുക്കെ പറയുന്നതായി കേട്ടു. അദ്ദേഹം ജീവിച്ചതു മുഴുവൻ,

പ്രവർത്തിച്ചതു മുഴുവൻ നാട്ടിനും നാട്ടുകാർക്കും വേണ്ടിയാണെന്ന് അദ്ദേഹത്തിൻെറ വീടും പരിസരവും കണ്ടാൽ നമുക്കു മനസ്സിലാക്കുവാൻ കഴിയും. ആ രാജനെ ഓർക്കുന്ന നാം, ആ രാജനെ സ്നേഹിക്കുന്ന നാം ഈ രാജ്യത്തു നിഷ്കാമമായി ജോലി ചെയ്യുന്ന ആളുകളോട് നന്ദിയുണ്ടെന്നു തോന്നത്തക്ക രീതിയിൽ ആ വീട്ടിനെയും വീട്ടിലുള്ളവരെയും ഓർക്കണമെന്നു മാത്രമേ ഞാൻ ഈ സന്ദർഭത്തിൽ പറയുന്നുള്ളൂ. രാജൻെറ ആത്മാവ് നിത്യതയിൽ ലയിക്കട്ടെ എന്നു പറഞ്ഞുകൊണ്ട് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഇ. ബലറാം</u>: സർ, സഖാവ് രാജൻെറ അകാലികമായ ചരമത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് വിവിധപാർട്ടി നേതാക്കൾമാർ പ്രകടിപ്പിച്ച അഭിപ്രായങ്ങളോടും, വികാരങ്ങളോടും ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. സഖാവ് രാജൻ ഈ രാജ്യത്തെ തൊഴിലാളിവർഗ്ഗത്തിനു വേണ്ടി ചെയ്ത സേവനങ്ങളെപ്പററി ഇവിടെ വേണ്ടത്ര പറഞ്ഞു കഴിഞ്ഞു. അത് ആവർത്തിക്കണമെന്ന് ഉദ്ദേശിക്കുന്നില്ല. നിയമസഭാസാമാജികൻ, രാഷ്ട്രീയപ്രവർത്തകൻ, തൊഴിലാളി പ്രവർത്തകൻ ഇങ്ങനെ വിവിധ രീതികളിൽ അദ്ദേഹം വളരെ ഊർജ്ജസ്വലമായി പ്രവർത്തിച്ചതിൻെറ കഥകൾ നമുക്കെല്ലാം അറിവുള്ള കാര്യമാണ്. ഇത്രപെട്ടെന്ന് അദ്ദേഹം നമ്മെ വിട്ടു പിരിയുമെന്ന് നമ്മളാരും പ്രതീക്ഷിച്ചതല്ല. അദ്ദേഹത്തിൻെറ നഷ്ടം തീർച്ചയായും തൊഴിലാളി പ്രസ്ഥാനങ്ങൾക്കു മാത്രമല്ല ഇവിടത്തെ ഇടതുപക്ഷപ്രസ്ഥാനങ്ങൾക്ക് ആകെ തീരാത്ത ഒരു നഷ്ടമാണെന്നാണ് എൻെറ അഭിപ്രായം. കിഴക്കൻതോട്ടങ്ങളിലെല്ലാം സഞ്ചരിച്ച് അവിടെയുള്ള തൊഴിലാളികളെ സംഘടിപ്പിക്കുകയെന്ന ദുഷ്കരമായ ജോലി വളരെയേറെ ത്യാഗപൂർവം നിർവഹിച്ചതു കൊണ്ടാണ് രാജൻ വളരെ വേഗം ഒരു തൊഴിലാളി പ്രവർത്തകനായി ഉയർന്നു വന്നതെന്ന് അദ്ദേഹത്തിനെ അറിയാവുന്ന എല്ലാവർക്കും അറിയാം. അങ്ങനെ തോട്ടം തൊഴിലാളികളുടെ ഒക്കെ നേതാവായി വളരെ എളുപ്പത്തിൽ, ചെറുപ്പത്തിൽ തന്നെ ഉയർന്നുവന്നു അദ്ദേഹം. ഇത്രപെട്ടെന്നു അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞു. അദ്ദേഹത്തിൻെറ നിര്യാണത്തിൽ എനിക്കും എൻെറ പാർട്ടിക്കുമുള്ള ദുഃഖവും വ്യസനവും രേഖപ്പെടുത്തിക്കൊള്ളുന്നു.

<u>ശ്രീ. കെ. എ. ശിവരാമഭാരതി</u>: സർ, സഖാവ് രാജൻെറ നിര്യാണത്തിൽ എനിക്കും എൻെറ പാർട്ടിക്കും ഉള്ള ദുഃഖം ഞാൻ ആദ്യമായി രേഖപ്പെടുത്തുകയാണ്. സഖാവ് രാജൻ തൊഴിലാളിരംഗത്ത് ഒരു അതികായനാണെന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. വളരെക്കാലമായി ആ രംഗത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഖാവു രാജനുമായി എനിക്കു പരിചയപ്പെടാൻ ഇടയായിട്ടുണ്ട്. ഏതവസരങ്ങളിലും സുദൃഢമായി തീരുമാനങ്ങളെടുക്കാനും അത് അക്ഷരംപ്രതി നടപ്പിൽവരുത്താനും അദ്ദേഹം കാണിച്ച വ്യഗ്രത ഈ രംഗത്തു പ്രവർത്തിക്കുന്ന എല്ലാവർക്കും ഒരു മാതൃകയായിട്ടാണ് എനിക്കു തോന്നിയിട്ടുള്ളത്. സർ, അദ്ദേഹം മരിക്കുന്നതിൻെറ തലേദിവസം ഞാനും അദ്ദേഹവുമെല്ലാം തിരുവനന്തപുരത്ത് ഒരു കമ്മിററിയിൽ പങ്കെടുത്തു. അന്ന് അദ്ദേഹം വളരെ വ്യക്തമായ ഭാഷയിൽ, വളരെ ഉറച്ചഭാഷയിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തി. ആ ഒരൊററ കാരണത്താൽ അന്നത്തേതായിട്ടുള്ള തീരുമാനങ്ങൾ ഉദ്ദേശിച്ചരീതിയിൽ ആയില്ലെന്നുപറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഏതായിരുന്നാലും അദ്ദേഹത്തിൻെറ മരണം പൊടുന്നനവേയാണ് സംഭവിച്ചത്. സഖാവ് രാജന് വളരെ മുമ്പേതന്നെ അറിയാവുന്ന വസ്തുതയാണ് കുറെയെല്ലാം ബലഹീനത തനിക്ക് ഉണ്ടെന്നുള്ളത്. എങ്കിലും തൊഴിലാളി രംഗത്തോടും താൻ ചെയ്തുതീർക്കേണ്ട പ്രവർത്തന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളോടും അദ്ദേഹത്തിനുണ്ടായിരുന്ന അതിയായ ആഗ്രഹം ഒന്നുമാത്രമാണ് അദ്ദേഹത്തെ വീണ്ടും വീണ്ടും പ്രവർത്തനരംഗത്തേയ്ക്ക് വലിച്ചിഴച്ചതെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. അതല്ലായിരുന്നെങ്കിൽ തീർച്ചയായും വിശ്രമമെടുക്കേണ്ട ഒരു സമയമായിരുന്നു അതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഏതായിരുന്നാലും അദ്ദേഹം ഇന്നു നമ്മെ വിട്ടുപിരിഞ്ഞിരിക്കുകയാണ്. തൊഴിലാളിരംഗത്തുമാത്രമല്ല, അദ്ദേഹം പ്രവർത്തിച്ച എല്ലാരംഗത്തിനും തീരാത്ത ഒരു നഷ്ടമായിരിക്കും ഈ മരണംകൊണ്ട് ഉണ്ടായിട്ടുള്ളതെന്ന് ഞാൻ കരുതുകയാണ്. അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തിനേർന്നുകൊണ്ട് അദ്ദേഹത്തിന്റെ കുടുംബത്തെ അനുശോചനം അറിയിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

തദ്ദേശസ്വയംഭരണമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ശ്രീമാൻ രാജന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് അങ്ങും സഭാനേതാവും പ്രതിപക്ഷനേതാവും മററു സുഹൃത്തുക്കളും പറഞ്ഞ എല്ലാ നല്ലവാക്കുകളോടും ഞാനും യോജിക്കുകയാണ്. ശ്രീ രാജൻ പാവപ്പെട്ടവനായി ജനിച്ച് തൊഴിലാളിയായി വളർന്ന് തൊഴിലാളി പ്രസ്ഥാനം കെട്ടിപ്പടുത്ത് മരിക്കുന്നതുവരെ സമുന്നതമായ പല സ്ഥാനങ്ങളും കൈവരിക്കാൻ സാധിച്ചു. ആത്മാർത്ഥതയും പ്രവർത്തന സന്നദ്ധതയും കൈമുതലായുണ്ടായാൽ ഏതു സമുന്നതമേഖലയിലേയ്ക്കും കടന്നുചെല്ലാനും ഒരു പ്രസ്ഥാനം കെട്ടിപ്പടുക്കാനും സാധിക്കുമെന്നുള്ളതിന്റെ പ്രത്യക്ഷമായ തെളിവായിരുന്നു പാവപ്പെട്ടവനും തൊഴിലാളിയുമായ സഖാവു രാജന്റെ പ്രവർത്തനമെന്നാണ് എനിക്കു പറയാനുള്ളത്. അദ്ദേഹത്തിന്റെ മററു പ്രവർത്തനങ്ങളെക്കുറിച്ചൊന്നും വലിയ പരിചയമില്ലെങ്കിലും ഈ നിയമസഭയിൽ അദ്ദേഹം വന്നതിനുശേഷം അദ്ദേഹത്തിന്റെ ചില പ്രവർത്തനങ്ങൾ എനിക്കു മനസ്സിലാക്കാനും അദ്ദേഹത്തിനെ പരിചയപ്പെടാനും സന്ദർഭമുണ്ടായി. അതിനുശേഷം അദ്ദേഹം പല സന്ദർഭങ്ങളിലും ഈ സഭയിൽ വളരെ നിശ്ചയദാർഢ്യത്തോടുകൂടി പല പ്രവർത്തനങ്ങളും ചെയ്തിരുന്നു എന്നുള്ളതിനു നമ്മളെല്ലാം സാക്ഷികളാണ്. ഞാൻ കൂടുതലൊന്നും പറയുന്നില്ല, അദ്ദേഹത്തിന്റെ നിര്യാണത്തിൽ എനിക്കും എന്റെ പാർട്ടിക്കും ഉള്ള അനുശോചനം രേഖപ്പെടുത്തിക്കൊള്ളട്ടെ.

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ): സർ, സഖാവു രാജന്റെ നിര്യാണത്തിൽ എനിക്കും ഞാൻ പ്രതിനിധാനംചെയ്യുന്ന പാർട്ടിക്കും ഉള്ള ദുഃഖം രേഖപ്പെടുത്തിക്കൊള്ളട്ടെ. ശ്രീ. രാജന്റെ കഴിവുകളെപ്പററിയും സേവനങ്ങളെപ്പററിയും സഭയുടെ വിവിധ ഭാഗങ്ങളിൽനിന്നും ഉയർന്നുവന്ന അഭിപ്രായങ്ങളോടും അങ്ങു പ്രകടിപ്പിച്ച വികാരങ്ങളോടും ഞാൻ പൂർണ്ണമായും യോജിക്കുന്നു. രാഷ്ട്രീയരംഗത്തും തൊഴിലാളിരംഗത്തുമുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെക്കാൾ കൂടുതൽ അദ്ദേഹം പ്രവർത്തിച്ചരംഗം ഈ സഭയുടെ ശ്രദ്ധയിൽപ്പെടേണ്ടതാണ്. സാധാരണ ഗതിയിലുള്ള തൊഴിലാളികളുടെ സാമ്പത്തികവും രാഷ്ട്രീയവുമായ അവകാശങ്ങൾക്കുവേണ്ടിമാത്രമല്ല കേവലം മനുഷ്യാവകാശങ്ങൾതന്നെ നിഷേധിക്കപ്പെട്ടിരുന്ന മലയോരങ്ങളിലെ തോട്ടം തൊഴിലാളികളുടെ ഇടയിലാണ് അദ്ദേഹം പ്രവർത്തിച്ചിരുന്നത്. അദ്ദേഹത്തിന്റെ അനുഭവസമ്പത്തും അദ്ദേഹത്തിന്റെ അനുഭവജ്ഞാനവും അദ്ദേഹത്തിൽ പൂർണ്ണവികാരങ്ങളായി ഉടലെടുത്തതാണ്. അദ്ദേഹം ഒരു പ്രക്ഷോഭകാരിയോ വെറും ഒരു സമരനേതാവോ മാത്രമായിരുന്നില്ല. സ്വന്തം അനുഭവജ്ഞാനത്തിൽകൂടി തൊഴിലാളികളെ സങ്കടിപ്പിച്ച് അവരുടെ വികാരങ്ങളുമായി യോജിച്ച് ആ വിഭാഗങ്ങൾക്കു സമരനേതൃത്വം നൽകി അവരുടെ ഇടയിൽനിന്നും ഉയർന്നുവന്ന ഒരു നേതാവാണ്. അദ്ദേഹത്തിന്റെ കഴിവുകൾ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്കുവേണ്ടി ഏതേതെല്ലാം മേഖലകളിൽ ഏതേതെല്ലാം സന്ദർഭങ്ങളിൽ വിനിയോഗിക്കണമായിരുന്നുവോ ആ സന്ദർഭങ്ങളിലെല്ലാം അദ്ദേഹം പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. കൂടിയാലോചനക്കു മേശക്കെതിരെ ഇരിക്കുന്ന രാജൻ പ്രകോപനകാരിയോ സമരകുതുകിയോ അല്ല. നേരേമറിച്ച് അദ്ദേഹത്തിന്റെ കഴിവുകൾ പൂർണ്ണമായും തൊഴിലാളികൾക്കുവേണ്ടിയുള്ള വിലപേശലിൽ ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ട്.

അതുപോലെതന്നെ ഇന്നത്തെ സാഹചര്യത്തിൽ തൊഴിലാളികളുടെ അവശതകൾ പരിഹരിക്കുന്നതിനുള്ള ഒരു മേഖലയായി പൊതുവേ അംഗീകരിക്കപ്പെടുന്നില്ലെങ്കിലും അദ്ദേഹം ഇൻഡസ്ട്രിയൽ ട്രിബ്യൂണലുകളുടെ മുമ്പാകെ അന്നത്തെ സാഹചര്യത്തിൽ തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി ധീരമായിതന്നെ പൊരുതുകയും ആ രംഗത്ത് അദ്ദേഹത്തിന്റെ വ്യക്തിത്വം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. രാജന്റെ നിര്യാണത്തിൽ പക്വതയുള്ള, അനുഭവസമ്പത്തുള്ള, ഒരു ട്രേഡ് യൂണിയൻ നേതാവിന്റെ നഷ്ടമാണ് മറ്റേതിനെക്കാളും കൂടുതലായി ഞാൻ കാണുന്നത്. അദ്ദേഹത്തിന്റെ നിര്യാണത്തിലുള്ള അനുശോചനം ഒന്നുകൂടി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ വിരമിക്കുന്നു.

ആരോഗ്യവും സഹകരണവും മന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ): സർ, നമുക്കെല്ലാംതന്നെ പ്രിയങ്കരനായിരുന്ന ശ്രീ. രാജന്റെ അകാലനിര്യാണത്തിൽ അനുശോചിച്ചുകൊണ്ട് അങ്ങും സഭാനേതാവും മറ്റു കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളിലും അഭിപ്രായങ്ങളിലും ഞാനും പങ്കുചേരുന്നു. അദ്ദേഹത്തിന്റെ നിര്യാണംമൂലം നമ്മുടെ പൊതുജീവിതത്തിൽ നികത്താനാവാത്ത ഒരു നഷ്ടമാണുണ്ടായിട്ടുള്ളത്. വളരെയേറെ ഊർജ്ജസ്വലനായ ഒരു രാഷ്ട്രീയസാമൂഹ്യപ്രവർത്തകൻ എന്ന നിലയിലും, ഉന്നതനായ, കർമ്മധീരനായ ഒരു തൊഴിലാളിനേതാവ് എന്ന നിലയിലുമെല്ലാംതന്നെ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹം അനുഷ്ഠിച്ചിട്ടുള്ള വിവിധ സേവനങ്ങളെപ്പറ്റിയെല്ലാം ഇവിടെ കക്ഷിനേതാക്കൾ പരാമർശിച്ചുകൊണ്ട് അതെപ്പറ്റി കൂടുതലൊന്നും പറയാൻ ഞാനാഗ്രഹിക്കുന്നില്ല. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എനിക്കുള്ള അഗാധമായ വ്യസനം രേഖപ്പെടുത്തുകയും അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി നേരുകയും ചെയ്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ബി. വെല്ലിംഗ്ടൺ: സർ, സഖാവ് രാജന്റെ അകാല നിര്യാണത്തിൽ അങ്ങും ബഹുമാനപ്പെട്ട കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോടും അഭിപ്രായങ്ങളോടും പങ്കുചേർന്നുകൊണ്ട് ഞങ്ങളുടെയും അഗാധമായ ഖേദവും വ്യസനവും രേഖപ്പെടുത്തുകയാണ്. നാമൊന്നു നിനയ്ക്കും മറ്റൊന്നു ഭവിക്കും എന്നുപറഞ്ഞതുപോലെ ഇത്രപെട്ടെന്ന് രാജൻ നമ്മിൽനിന്നും വേർപെടുമെന്ന് നാമാരും വിചാരിച്ചിരുന്നില്ല. എത്ര കെട്ടുപിണഞ്ഞ അന്തരീക്ഷത്തിലായാലും ശരി എത്ര കെട്ടുപിണഞ്ഞ കാര്യങ്ങൾ കൈകാര്യം ചെയ്താലും ശരി നാവിന്റെ തുമ്പത്ത് രണ്ടുവരി കവിതയും ചുണ്ടിൽ പുഞ്ചിരിയുമായി തന്റെ സുഹൃത്തുക്കളെ സ്വീകരിക്കുന്ന രാജൻ മറ്റാരെക്കാളും കൂടുതൽ അഗാധമായി നമ്മുടെ ഹൃദയങ്ങളിൽ പതിഞ്ഞിട്ടുണ്ട്. വളരെ ചെറുപ്പത്തിലെതന്നെ സംഘടിതതൊഴിലാളിരംഗത്ത് പ്രവർത്തിക്കാൻ തുടങ്ങിയ രാജന് പല നേട്ടങ്ങളും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ തോട്ടംതൊഴിലാളികളെ സംഘടിപ്പിക്കാൻ ഇറങ്ങുന്ന ആളുകൾ ആരായിരുന്നാലുംശരി അവർ ദീർഘകാലം ജീവിച്ചിരിക്കുകയില്ല എന്ന ഒരു കീഴ്വഴക്കമാണുള്ളത്. ഇതെല്ലാം അറിഞ്ഞിരുന്നിട്ടുപോലും

ഈ രംഗത്തിറങ്ങുകയും തോട്ടംതൊഴിലാളികൾക്ക് ശാശ്വതമായ പലതും നേടിക്കൊടുക്കുകയുംചെയ്ത ആളായിരുന്നു ശ്രീ. രാജൻ. എത്രതന്നെ എതിർപ്പുള്ള ആളുകളും അദ്ദേഹത്തിന്റെ സുഹൃദ്‌വലയത്തിലായിരുന്നു എന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്. അങ്ങനെയുള്ള രാജന്റെ വേർപാടിൽ എല്ലാവർക്കുമുള്ള ഖേദത്തോടൊപ്പം എനിക്കുമുള്ള വികാരം രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കല്പള്ളി മാധവമേനോൻ: സർ, സഖാവ് രാജന്റെ നിര്യാണത്തിൽ അങ്ങും ബഹുമാനപ്പെട്ട സഭാനേതാവും മററുകക്ഷി നേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് ഞാനും പങ്കുചേരുകയാണ്. ഈ നിയമസഭയിൽ വരുന്നതിനുമുൻപ് ശ്രീമാൻ രാജനെ എനിക്ക് പരിചയമില്ലായിരുന്നു. അദ്ദേഹവുമായി പരിചയപ്പെട്ടതിനു ശേഷമാണ് തൊഴിലാളിപ്രസ്ഥാനത്തിനുവേണ്ടി അദ്ദേഹം വഹിച്ചിട്ടുള്ള പങ്കിനെപ്പററിയും അതുപോലെ മറെറല്ലാ രംഗങ്ങളിലും ഉള്ള സേവനങ്ങളെപ്പററിയുമെല്ലാം മനസ്സിലാക്കാൻ സാധിച്ചത്. ശ്രീമാൻ രാജൻ മരിച്ച ദിവസം ഭാഗ്യവശാലോ നിർഭാഗ്യവശാലോ ഞാൻ അന്ന് കണ്ണൂർ ഉണ്ടായിരുന്നു. മരിക്കുന്നതിനു ഏതാനും മണിക്കൂറുകൾക്കുമുമ്പ് ഞാനും അദ്ദേഹവും തമ്മിൽകണ്ടു. എന്നിട്ട് കുറെ കഴിഞ്ഞ് 6.05—ന്റെ പ്രാദേശിക വാർത്തയിലാണ് ശ്രീമാൻ രാജൻ മരിച്ചു എന്ന വാർത്ത കേട്ടത്. ഈ വാർത്ത യാതൊരുതരത്തിലും വിശ്വസിക്കാൻവയ്യാതിരുന്ന ഒരു പരിതഃസ്ഥിതിയാണെനിക്കുണ്ടായിരുന്നത്. എന്തെന്നുവച്ചാൽ അന്നത്തെ മീററിംഗിൽ അദ്ദേഹം വളരെ സജീവമായിട്ടാണ് പങ്കെടുത്തത്. മററുള്ള സേവനങ്ങൾക്കെല്ലാമുപരി ഒരു ഗായകൻകൂടിയായിരുന്നു അദ്ദേഹം. എതിരാളികളുടെപോലും സ്നേഹം സമ്പാദിക്കാനും വിപ്ലവകരമായ പ്രവർത്തനങ്ങൾകൊണ്ട് ആരെയും വശീകരിക്കാനും കഴിവുള്ള ഒരു വ്യക്തിത്വം രാജനുണ്ടായിരുന്നു. അദ്ദേഹത്തെ എങ്ങനെയാണ് അവിടത്തെ നാട്ടുകാർ സ്വീകരിച്ചിരുന്നത് എന്ന് ശ്രീമാൻ നാരായണക്കുറുപ്പിൽ നിന്നുമാണ് എനിക്കറിയാൻ കഴിഞ്ഞത്. മഹാൻമാർക്കുപോലും കിട്ടാത്തത്ര ആദരാഞ്ജലിയാണ് അദ്ദേഹത്തിന് നാട്ടുകാരിൽ നിന്നും ലഭിച്ചത്. അത്രയധികം ജനങ്ങളുടെ കണ്ണിലുണ്ണിയായ രാജന്റെ നിര്യാണം ഇടതുപക്ഷ പാർട്ടിക്കും പ്രത്യേകിച്ച് തൊഴിലാളി വർഗ്ഗത്തിനും നികത്താനാവാത്ത നഷ്ടമാണ്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എനിക്കും എന്റെ പാർട്ടിക്കുമുള്ള അഗാധമായ ഖേദം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ നിറുത്തുന്നു.

ശ്രീ. സി. എസ്. ഗംഗാധരൻ: സർ, സഖാവ് രാജന്റെ ദേഹവിയോഗത്തിൽ ഈ നിയമസഭ ഇതുവരെ പ്രകടമാക്കിയ എല്ലാ വികാരങ്ങളോടും ഞാൻ യോജിക്കുകയാണ്. സഖാവ് രാജൻ ഒരു സാധാരണ രാഷ്ട്രീയപ്രവർത്തകൻ മാത്രമായിരുന്നില്ല. അദ്ദേഹം വിശ്വസിക്കുന്ന രാഷ്ട്രീയതത്വങ്ങളിൽ അടിയുറച്ച് വിശ്വസിച്ചുകൊണ്ട് ജീവിതത്തിൽ വലിയ പങ്കും അതിനുവേണ്ടി ചെലവഴിച്ച ആളായിരുന്നു അദ്ദേഹം. ഈ രാജ്യത്തെ ജനങ്ങൾക്കു വേണ്ടി, തൊഴിലാളികൾക്കുവേണ്ടി, പ്രത്യേകിച്ച് തോട്ടംതൊഴിലാളികൾക്കുവേണ്ടി വളരെയേറെ ആത്മാർത്ഥമായി പണിയെടുക്കുകയും അദ്ധ്വാനിക്കുകയും ചെയ്ത കഥ നമുക്കെല്ലാമറിയാം. മലയോരങ്ങളിലെ തോട്ടംതൊഴിലാളികളെ സംഘടിപ്പിച്ചതിനും അവരെ സമരക്കാരാക്കിയതിനും അദ്ദേഹത്തിന് എതിരിടേണ്ടിവന്നത് ആ മലയെക്കാളും വലിയ തൊഴിലുടമകളെയായിരുന്നു. ആ സമരത്തിൽ അദ്ദേഹം വളരെയൊന്നും പരാജയപ്പെട്ടിട്ടില്ല എന്നുള്ളത് ഇന്നത്തെ സ്ഥിതിഗതികൾ വച്ചുനോക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കും. അടിമത്തത്തിന്റെ ചങ്ങലയിൽനിന്നും അവിടത്തെ തൊഴിലാളികളെ മോചിപ്പിച്ചുകൊണ്ട് വർഗ്ഗബോധമുള്ള തൊഴിലാളികളാക്കിമാററുന്നതിനുള്ള

2/680/L.

LIBRARY ARCHIVES Kerala Legislative Assembly

ശ്രമത്തിൽ അദ്ദേഹം പരിപൂർണ്ണമായി വിജയിച്ചു എന്നുള്ളതും നമുക്ക് മനസ്സിലാക്കാൻ കഴിയും. സർ, എനിക്ക് രാജനെ മുൻപ് വളരെ പരിചയമൊന്നുമില്ലായിരുന്നു. ഈ നിയമസഭയിൽ വന്നതിനുശേഷമാണ് എനിക്ക് അദ്ദേഹവുമായി അടുത്ത ബന്ധം സ്ഥാപിക്കാൻ സാധിച്ചത്. കണ്ടാൽ ഒരു കൊച്ചുമനുഷ്യനാണെന്നു തോന്നുമെങ്കിലും ഒരു വലിയ ഹൃദയത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. സർ, രാഷ്ട്രീയപ്രവർത്തനത്തിനിടയിൽത്തന്നെ മററുപലതും സമ്പാദിക്കാൻ സാധിച്ചിട്ടുള്ള ആളുകളെയും നമുക്കറിയാം. എന്നാൽ നേരെമറിച്ചാണ് ശ്രീമാൻ രാജന്റെ അവസ്ഥ. ഒരു കുടുംബത്തിന്റെ നെടുംതൂണായി പരിലസിക്കേണ്ട ആൾ തന്റെ പരിസരത്ത് ജീവിക്കുന്ന അവശതയനുഭവിക്കുന്ന ആളുകൾക്കുവേണ്ടി പരിശ്രമിക്കുകയും അവരുടെയെല്ലാം ദുഃഖങ്ങളിൽ പങ്കുകൊള്ളുകയും അവസാനം അവിടെ കിടന്നു മരിക്കുകയും ചെയ്തു. ഇത്തരം ആളുകളെയും അവരുടെ കുടുംബത്തെയും പററി ചിന്തിക്കേണ്ട ചുമതല ഈ നിയമസഭയ്ക്കും ഗവൺമെൻറിനും ഉണ്ട്. ശ്രീ. രാജന്റെ നിര്യാണത്തിൽ എനിക്കും എന്റെ പാർട്ടിക്കുമുള്ള അത്യാഗാധമായ ദുഃഖം ഞാൻ ഇവിടെ പ്രകാശിപ്പിച്ചുകൊള്ളട്ടെ.

ശ്രീ. ഇ. ജോൺജേക്കബ് : സർ, ശ്രീമാൻ രാജന്റെ അകാലനിര്യാണത്തിൽ അങ്ങും ഈ സഭയിലെ എല്ലാ നേതാക്കളും പ്രകടിപ്പിച്ച എല്ലാ അഭിപ്രായങ്ങളോടും ഞാൻ പൂർണ്ണമായി യോജിക്കുന്നു. ശ്രീമാൻ രാജൻ ഒരു നല്ല മനുഷ്യനായിരുന്നു എന്നുള്ളത് വലിയ തർക്കമുള്ള കാര്യമല്ല. രാഷ്ട്രീയത്തിൽ ശ്രീമാൻ രാജൻ കണ്ട കാഴ്ചയും ഞാൻ കണ്ട കാഴ്ചയും തമ്മിൽ വ്യത്യാസമുണ്ട്. പക്ഷേ ആ രണ്ടു ധ്രുവങ്ങളിൽനിന്നു കൊണ്ട് ഒരു ഉദ്ദേശത്തിനുവേണ്ടി പ്രവർത്തിക്കുകയാണെങ്കിൽ അതു രണ്ടും കൂടി എവിടെയെങ്കിലും ചെന്നുചേരുമെന്നാണെന്റെ വിശ്വാസം. അതുപോലെയാണ് ഞാനും ശ്രീമാൻ രാജനും തമ്മിലുള്ള ബന്ധം. അദ്ദേഹം ഒരു മനുഷ്യസ്നേഹിയായിരുന്നു. ഒരു നല്ല മനുഷ്യൻ! രാഷ്ട്രീയത്തിൽ ഞങ്ങൾ തമ്മിൽ വളരെ അഭിപ്രായവ്യത്യാസമുണ്ടായിരുന്നെങ്കിലും എന്റെ അഭിപ്രായങ്ങളെയും ഉദ്ദേശശുദ്ധിയെയും ചോദ്യംചെയ്യാതെതന്നെ ഞാൻ പറയുന്നതിന് വിലകൊടുത്തു സ്വീകരിക്കാൻ തയ്യാറായിരുന്നു രാജൻ. അത്രകണ്ടു മഹാമനസ്കത ഞാൻ അങ്ങോട്ട് കാണിച്ചിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുകയാണ്. ഉറച്ച് അഭിപ്രായങ്ങൾ പറയുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്ന ആളായിരുന്നു രാജൻ. തമ്മിൽ യോജിപ്പില്ലാത്ത ആളുകൾക്കുവേണ്ടി പ്രവർത്തിക്കുകയും സ്നേഹത്തോടും സഹിഷ്ണതയോടുംകൂടി പെരുമാറുകയുംചെയ്യുന്ന ആളായിരുന്നു അദ്ദേഹം. ആ കഴിവാണ് അദ്ദേഹത്തെ ഉന്നതനാക്കി മാററിയത്. ഇതിനെല്ലാമുപരി ഒരു പ്രഗല്ഭനായ സാമാജികൻ കൂടിയായിരുന്നു അദ്ദേഹം. ഈ നിയമസഭ തീർച്ചയായിട്ടും അദ്ദേഹത്തിന്റെ നിര്യാണംമൂലം നഷ്ടം സഹിച്ചിരിക്കുകയാണ്. ഏതുനഷ്ടം വന്നാലും അത് പരിഹരിക്കാൻ സാധിക്കുമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞെങ്കിലും ശ്രീമാൻ രാജന്റെ ഇത്ര പെട്ടെന്നുള്ള ആ പോക്ക് എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നെനിക്കു മനസ്സിലാകുന്നില്ല. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തിനേർന്നുകൊണ്ട് ഞാൻ നിറുത്തുന്നു.

ശ്രീ. ജി. ഗോപിനാഥൻപിള്ള : സർ, ശ്രീ. രാജന്റെ നിര്യാണംമൂലം ഉന്നതനായ ഒരു ട്രേഡ്യൂണിയൻ നേതാവിനെയാണ് നമുക്കു നഷ്ടപ്പെട്ടിരിക്കുന്നത്. ശ്രീ. രാജന്റെ നിര്യാണത്തിൽ ബഹുമാനപ്പെട്ട സഭാനേതാവും പ്രതിപക്ഷനേതാവും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. ശ്രീ. രാജനുമായി കഴിഞ്ഞ കുറെ വർഷങ്ങളായി വളരെ അടുത്തു പെരുമാറാൻ

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് സാധിച്ചിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട ഒരു മെമ്പർ അഭിപ്രായപ്പെട്ടതുപോലെ ഒരു നിഷ്കാമകർമ്മിയായിരുന്ന അദ്ദേഹം. രാജ്യത്തിനുവേണ്ടി ചെയ്യാവുന്ന സേവനങ്ങൾ എല്ലാം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ സാധുകുടുംബത്തിനുവേണ്ടി സഹായം നൽകേണ്ടത്, ഇങ്ങനെയുള്ള നിഷ്കാമകർമ്മികളുടെ കുടുംബത്തെ സഹായിക്കേണ്ടത് ആവശ്യമാണെന്ന് അനുസ്മരിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ചരമത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ആററിങ്ങൽ ഗോപാലപിള്ള: ഇവിടെ പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഞാൻ പൂർണ്ണമായി യോജിക്കുന്നു. തൊഴിലാളിയായി ജനിച്ച് ഉയർന്ന ഒരു നിയമസഭാസാമാജികനായിരുന്നപ്പോഴാണ് അദ്ദേഹം മരിച്ചത്. സർ, ഇവിടെ ഗവൺമെൻറ് സർവീസിൽ ഇരിക്കുന്നവർ മരണപ്പെടുമ്പോൾ അവരുടെ ബന്ധുക്കൾക്ക് യോഗ്യതയനുസരിച്ച് ഉദ്യോഗം കൊടുക്കുന്ന ഒരു ഗവൺമെൻറുത്തരവ് നിലവിലുണ്ട്. നിയമസഭാസാമാജികനായിരുന്നു മരിക്കുമ്പോൾ,—ഇവിടെ പറഞ്ഞുകേട്ട നിലയ്ക്ക് ആണെങ്കിൽ ഇദ്ദേഹം തൊഴിലാളിയായി ജനിച്ച് വളരെ സത്യസന്ധമായ രീതിയിൽ ജനസേവനം നടത്തി നിയമസഭാസാമാജികനായി ഉയർന്നുവന്ന ഒരാളാണ്, ഇതുപോലെ പാവപ്പെട്ട കുടുംബത്തിലുള്ള ഒരാളെങ്കിൽ, വളരെ ബുദ്ധിമുട്ടി ജീവിക്കുന്ന ആളുകളാണെങ്കിൽ, അദ്ദേഹത്തിന്റെ കുടുംബത്തിന് ജീവിക്കാൻവേണ്ടി എന്തെങ്കിലും സഹായം ചെയ്യത്തക്കരീതിയിൽ ഉള്ള നടപടി ഗവർമ്മെൻറ് സ്വീകരിക്കണമെന്ന് എനിക്കഭിപ്രായമുണ്ട്. ഇവിടെ പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഞാനും എന്റെ പാർട്ടിയും പരിപൂർണ്ണമായി യോജിച്ചുകൊണ്ട് അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. ഹൈദ്രോസ് എം. വി. ഹാജി: സഖാവ് രാജന്റെ അകാലചരമത്തിൽ എന്റെ അനുശോചനം രേഖപ്പെടുത്തുന്നു. അദ്ദേഹവുമായി പരിചയപ്പെടാൻ ഇടവന്ന ഒരാളിന് ഒരിക്കലും മറക്കാനാവാത്ത പെരുമാററമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. അദ്ദേഹം പ്രവർത്തിച്ചുകൊണ്ടിരുന്ന തൊഴിലാളിപ്രസ്ഥാനത്തിന് അദ്ദേഹത്തിന്റെ നിര്യാണം ഒരിക്കലും നികത്താനാവാത്ത നഷ്ടമാണെന്ന് പ്രസ്താവിച്ചുകൊണ്ട് ഞാൻ എന്റെ ഹൃദയംഗമമായ അനുശോചനം രേഖപ്പെടുത്തിക്കൊള്ളുന്നു.

ശ്രീമതി പെണ്ണമ്മ ജേക്കബ്: സർ, ബഹുമാനപ്പെട്ട സഭാനേതാവും മററ് നേതാക്കൻമാരും ഇവിടെ ബഹുമാനപ്പെട്ട രാജന്റെ നിര്യാണത്തിൽ രേഖപ്പെടുത്തിയ അനുശോചനത്തോട് ഞാൻ അങ്ങേയററം യോജിക്കുകയാണ്. ഈയവസരത്തിൽ മരണത്തെക്കുറിച്ച് മഹാനായ ഡീഡ് പറഞ്ഞകാര്യം ഞാൻ അനുസ്മരിക്കുകയാണ്. "It is just like a sparrow entering into a lighted room from darkness and again disappearing in the night after having fluttered round the light for some time". അതായത് ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് കടന്നുവരികയും വെളിച്ചത്തിൽ സഞ്ചരിക്കുകയും ചെയ്ത ശേഷം വീണ്ടും അഗാധതയിലേക്ക്, അന്ധകാരത്തിലേക്ക്, അനന്തതയിലേക്ക് പറന്നുപോകുന്നതിനെയാണ് മരണംഎന്നു പറയുന്നത്. നാലുവർഷത്തോളം ഒരു സാമാജികനെന്ന നിലയിൽ അദ്ദേഹത്തോട് അടുത്തു പെരുമാറാൻ സാധിച്ചിട്ടുണ്ട്. ഈ രാജ്യത്തെ അധ്വാനിക്കുന്ന ജനവിഭാഗത്തിനുവേണ്ടി മരണംവരെ പ്രവർത്തിച്ച അദ്ദേഹത്തിന്റെ പാവപ്പെട്ട കുടുംബത്തിന് ശ്രീ. ഗോപാലപിള്ള പറഞ്ഞതുപോലെ എന്തെങ്കിലും സഹായം ചെയ്യേണ്ടതാണ്. സർ, ശ്രീ. ഗോപാലപിള്ള പറഞ്ഞതുപോലെ നിയമസഭാസാമാജികനായിരുന്നു മരിച്ചുപോകുന്നവരുടെ കുടുംബം അവശത

അനുഭവിക്കുന്നവരാണെങ്കിൽ എന്തെങ്കിലും സഹായം നൽകണമെന്ന് വ്യവസ്ഥ ചെയ്യേണ്ടതാണ്. സഖാവ് രാജനെപ്പോലെയുള്ള വ്യക്തികൾ മൺമറഞ്ഞു പോകുമ്പോൾ അവരുടെ പാവപ്പെട്ട വിധവകൾക്ക് പെൻഷൻ നൽകേണ്ടതാണ്.

ശ്രീ. രാജന്റെ പാവപ്പെട്ട വിധവയ്ക്ക് പെൻഷൻ നൽകുകയും അദ്ദേഹത്തിന്റെ കുടുംബത്തിലെ ഒരാൾക്ക് കഴിഞ്ഞുകൂടാനുള്ള സഹായം നൽകുകയും ചെയ്യണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ സഭയിലെ എല്ലാം ബഹുമാനപ്പെട്ട മെമ്പർമാരും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. എന്റെ സ്വന്തം നിലയിലും മൂവാററുപുഴയിലെ പാവപ്പെട്ട തൊഴിലാളികൾക്കുവേണ്ടിയും മൺമറഞ്ഞുപോയ ശ്രീ. രാജന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ പാവപ്പെട്ട കുടുംബത്തോടും എന്റെ ഹൃദയംഗമമായ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട രാജന്റെ നിര്യാണത്തിൽ അനുശോചിക്കുന്നതിനായി ബഹുമാനപ്പെട്ട സഭ രണ്ടു മിനിട്ട് മൗനം ആചരിക്കേണ്ടതാണ്.

(സഭാംഗങ്ങൾ രണ്ടു മിനിട്ടുനേരം എഴുന്നേററു നിന്നു മൗനം ആചരിച്ചു.)

<u>മി. സ്പീക്കർ:</u> സഭ ഇപ്പോൾ പിരിയുന്നതും നാളെരാവിലത്തെ എട്ടു മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

The Assembly adjourned at 9.50 a. m. to meet again at 8 a. m. on Tuesday February 25, 1975.

LIBRARY ARCHIVES Kerala Legislative Assembly